കാവ്യകലയേക്കുറിച്ച് ചില നിരീക്ഷണങ്ങൾ

(ആർ .ദിലീപ്കൃഷ്ണൻ, ഗവ.ഗേൾസ് ഹയർസെക്കണ്ടറി ,കായംകുളം)

.......................................................................................................................................................

poetry is to proce as dancing is to walking
- paul valery-

As poetry is the harmony of words, so music is that of notes
-John Driden-

കവിത എങ്ങനെ വായിക്കണം, കവിത എങ്ങനെ നിരൂപണം ചെയ്യണം,പരമ്പരാഗതമായ ധാരണകളെ വിജയൻ പൊളിച്ചെഴുതുന്നു. മാറിയ കാലത്ത് എങ്ങനെയാണ് കവിത വായിക്കേണ്ടത്?

കൈകാലുകളുടെ കസർത്ത് ബാലേയാകും. സ്വരങ്ങൾകൊണ്ട് നടത്തുന്ന
കസർത്ത് സംഗീതമാകും. അങ്ങനെയാണങ്കിൽ വാക്കുകൾ കൊണ്ടുള്ള കസർത്ത് കവിതയാകും.
വാക്കുകളുടെ നൃത്തമാണ് കവിത എന്ന് പറഞ്ഞത് ഫ്രഞ്ച് സാഹിത്യകാരൻ പോൾ വലേറിയാണ്.
സംഗീതം വാക്കുകളുടെ ലയമെങ്കിൽ കവിത വാക്കുകളുടെ ലയമാണ്.വാക്കുകൾ എന്നതിലുപരി
അർഥങ്ങൾ കൊണ്ടുള്ള കസർത്താണ് കവിതയെന്ന് പറയാം.

പറയാനുള്ളത് നേരെചൊവ്വേ പറയണമെന്നാണ് പഴയ കവിതാ വായന
നമ്മെ പഠിപ്പിച്ചത്. ഇന്നാ കാഴ്ചപ്പാട് മാറിയിരിക്കുന്നു.പറയാനുള്ളത് നേരെ പറഞ്ഞാൽ അത് കവിതയാകില്ല. മദം പൊട്ടിയ ആന എന്നത് കേവലമായ ഒരാശയമാണ്. അത് കവി ആവിഷ്കരിച്ചപ്പോൾ

പൊൽത്തിടമ്പേറിടുവൻ
പെരുമാറുമപ്പെരും
മസ്തകകടാഹത്തിൽ
മന്ത്രിപ്പൂ പിശാചുക്കൾ എന്നായി.

കുളത്തിലെ വെള്ളം തെളിഞ്ഞു എന്നത് മറ്റൊരാശയം.പക്ഷെ ഇത് കവിതയിലേക്ക് വരുമ്പോൾ

വിണ്ടലനീലനിറങ്ങളെല്ലാം
കണ്ടുകുളത്തിൽ വിരുന്നുവന്നു - എന്നാകുന്നു.

പഴയ കാവ്യാസ്വാദന രീതിയ്ക്ക് ഇന്ന് പ്രസക്തിയില്ല. തത്ത്വചിന്ത, മനശാസ്ത്രം, ചരിത്രം തുടങ്ങിയവ നൽകുന്ന പുതിയ ഉൾക്കാഴ്ചയുപയോഗിച്ചാണ് മാറിയ കാലത്ത് കവിത വായിക്കേണ്ടത്.കവിതയിൽ ഉപയോഗിക്കുന്ന വാക്കുകളുടെ കേവലമായ അർത്ഥത്തിനപ്പുറത്തേക്ക്
അവയ്ക്ക് അനേകം സൂചിതാർത്ഥങ്ങൾ ഉണ്ടാകും. എല്ലാവരുംഒരുപോലെ കാണാത്തതാണ് കലാകാരൻ തെരഞ്ഞെടുക്കുന്ന സിംബലുകൾ. സാമൂഹിക സന്ദർഭങ്ങളാണ്പലപ്പോഴുംപദങ്ങൾക്ക് അർത്ഥം നൽകുന്നത്.
കല്യാണസൗഗന്ധികം തുള്ളലിൽ നമ്പ്യാർ വാഴത്തോട്ടത്തെ വർണിക്കുന്നത് നോക്കുക

പച്ചക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും........

വാഴപ്പഴങ്ങളെ ഗോമേദകവും വൈഡൂര്യവും മരതകവുമൊക്കെയായി അദ്ദേഹം വർണ്ണിക്കുന്നു. കാലം മാറി പുതിയ ചരിത്ര സാഹചര്യത്തിൽ സമകാലിക കവിയ്ക്ക് വാഴപ്പഴത്തെ ഇങ്ങനെ സങ്കൽ
പ്പിക്കാനാവില്ല. ചങ്ങമ്പുഴയുടെ വാഴക്കുലയിൽ അത് മലയപ്പുലയന്റെ ആശയും പ്രതീക്ഷയുമായി മാറുന്നു.കരുമാടിക്കുട്ടൻ കൊതിയോടെ നോക്കിനിൽക്കേ അത് മറ്റാർക്കോ വെട്ടിക്കൊണ്ടുപോകാനുള്ളതായി തീരുന്നു.

മേഘം കവികൾക്കെന്നും ഇഷ്ടവിഷയമാണ്. കാളിദാസന്റെ മേഘസന്ദേശത്തിലേക്ക് വരാം, ഇവിടെ നായകനായ യക്ഷൻ രാമഗിരിയിലാണ്.

അവിടെ രതിസ്മൃതികളാൽ നീറുന്ന നായകൻ രാമഗിരിയിൽ കണ്ട മേഘത്തിന്റെ കൈവശം തന്റെ പ്രണയിനിക്കുള്ള സന്ദേശം കൊടുത്തയക്കുന്നു.

വള്ളത്തോൾ മഹാകവിയാകട്ടെ തന്റെ കവിതയിൽ മേഘത്തെ നൂൽ നൂൽക്കാനുള്ള പരുത്തിയായാണ് അവതരിപ്പിക്കുന്നത്. ദേശീയസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടാണ് അദ്ധേഹം മേഘത്തെ കാണുന്നത്. അന്വേഷണം എന്ന കവിതയിൽ മഹാകവി ജി ശങ്കരക്കുറുപ്പ് കാറ്റിനെ വർണിക്കുന്നുണ്ട്. അകാലത്തിൽ തന്നെ പിരിഞ്ഞ പൊന്നുമകന്റെ കുഴിമാടത്തിനരികെ ഈറനണിഞ്ഞ കണ്ണുകളോടെ നിൽക്കുന്ന അമ്മയെ, ആശ്ളേഷിക്കാനണയുന്ന തൈക്കുളിർക്കാറ്റായി മാമ്പഴം കവിതയിൽ വൈലോപ്പിള്ളി ശ്രീധരമേനോൻ കാറ്റിനെ അവതരിപ്പിക്കുന്നു.

പ്രഭാതത്തെപ്പറ്റിയുള്ള എത്രയോ മനോഹരമായ വർണനകൾ നമ്മുടെ കവികളുടേതായിട്ടുണ്ട്.

പി ഭാസ്ക്കരൻ , ആദ്യ കിരണങ്ങൾ എന്ന ചലച്ചിത്രത്തിനായി

കിഴക്കുദിക്കിലെ ചെന്തെങ്ങിൽ
കരിക്കുപൊന്തിയ നേരത്ത്
മുരിക്കിൻ തയ്യേ നിന്നുടെ ചോട്ടിൽ
മുറുക്കിതുപ്പിയതാരാണ് - എന്നെഴുതിയപ്പോൾ

പി കുഞ്ഞിരാമൻ നായർ തന്റെ സൗന്ദര്യപൂജയിൽ

രാക്കരിക്കിൻ കണ്ണുകുത്തി
ത്തുള്ളും വെള്ളം തെറിക്കവേ
ചിരിച്ചുകൊണ്ടൊന്നു കണ്ണു-
ചിമ്മിപ്പോയ് പുലർതാരക - എന്ന് പ്രഭാതത്തെ

വർണ്ണിക്കുന്നു.

മഴ എന്നും കവികളുടെ കൗതുകമായിരുന്നു.

കേണും ചിരിച്ചും വിതുമ്പിയും പിറുപിറുത്തും പെയ്ത് നിറയുന്ന രാത്രിമഴയെ സുഗതകുമാരി ടീച്ചർ അവതരിപ്പിക്കുമ്പോൾ

മകനെ മടിയിൽകിടത്തിയ മറിയത്തിന്റെ കണ്ണിൽ
നിന്നാണ് മഴ തുടങ്ങുന്നത്- എന്ന് കവി സച്ചിദാനന്ദൻ

കറുത്ത ചെട്ടിച്ചിയാക്കി ഇടശ്ശേരിയും തോരാമഴയുമായി റഫീക്ക് അഹമ്മദും...

അവ്യവസ്ഥിതം(ambiguity) കവിതയുടെ സ്വഭാവമാണ്. അർത്ഥത്തിനപ്പുറമാണ് അതിന്റെ നില.സന്ദേഹാത്മകത, അനിശ്ചിതത്വം എന്നെല്ലാം ഇതിന് അർത്ഥം പറയാം.ഒരു പദത്തിന്റെ അർത്ഥത്തിന് നിരവധി അടുക്കുകളുണ്ട്. നിരവധി അടുക്കുകളായാണ് അർത്ഥം ഉറഞ്ഞുകിടക്കുന്നത്.കേൾക്കുമ്പോൾ മനസ്സിലാകുന്ന വാച്യാർത്ഥം , അതിന് പിന്നിലുള്ള വ്യംഗ്യാർത്ഥം എന്നിങ്ങനെ. ഒരു പദത്തിന് ഏതർത്ഥമാണ് യുക്തം എന്ന സന്ദേഹമാണ് അവ്യവസ്ഥിതം(anbiguity).പാരമ്പര്യ കാവ്യസങ്കൽപമനുസരിച്ച് ഇത് ഒരു കാവ്യ ദോഷമായാണ് പരിഗണിച്ചിരുന്നതെങ്കിൽ പുതിയ കാലത്ത് അവ്യവസ്ഥിതം(ambiguity) കവിതാഗുണമായാണ് വിലയിരുത്തപ്പെടുന്നത്.

ആംഗലേയ സാഹിത്യനിരൂപകനായ ഐവർ ആംസ്ട്രോങ് റിച്ചാർഡ്സ്(I A RICHARDS)ഭാഷയെ പരാമർശപരമായ ഭാഷ ( REFERENTIAL LANGUAGE )എന്നും ഭാവനാത്മകമായഭാഷ(EMOTIVELANGUAGE) എന്നുംതരംതിരിക്കുന്നുണ്ട്.സാമാന്യവ്യവഹാരത്തിലുപയോഗിക്കുന്നതാണ് ആദ്യത്തേത്. ഭാവനാത്മക ഭാഷ വിശേഷ വ്യവഹാരത്തിലുപയോഗിക്കുന്നു . ഇതിൽ ഭാവനാത്മകമായ ഭാഷ ഉപയോഗിക്കുന്നവനാണ് കവി .

സംഗീതത്തിനും ഗദ്യത്തിനും മദ്ധ്യേയാണ് കവിത നിൽക്കുന്നത്.ചിലപ്പോളത് പൂർണ്ണമായും ഉരിയാടാത്ത പ്രിയംകരമായ സംഭാഷണം പോലെയാണ്,ചിലപ്പാൾ നൃത്തംപോലെയും പദരഹിതമായ സംഗീതം പോലെയുമാണെന്ന ഗിൽബർട്ട് ഹൈറ്റിന്റെ വിലയിരുത്തൽ ഏറെ പ്രസക്തമാണ്.